പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 800 24-07-2012-ൽ മറുപടിയ്ക്ക്

## കായികതാരങ്ങൾക്ക് ഉന്നതനിലവാരത്തിലുള്ള പരിശീലനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ.എൻ.ജയരാജ്<br>ശ്രീ.പി.സി.ജോർജ്ജ്<br>ശ്രീ.എം.വി.ശ്രേയാംസ്കുമാർ | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ദേശീയ സീനിയർ അത്‌ലറ്റിക് മീറ്റിലെ സംസ്ഥാന കായികതാരങ്ങളുടെ പ്രകടനം ശ്രദ്ധയിൽപ്പെട്ടിരുന്നോ ; എങ്കിൽ അത് എത്രത്തോളം തൃപ്തികരമായിരുന്നു ; വിശദാംശങ്ങൾ നൽകുമോ ;<br><br>(ബി) കായിക താരങ്ങൾക്ക് നൽകുന്ന പരിശീലനം കുറ്റമറ്റതും ഉന്നത നിലവാരം പുലർത്തുന്നതുമാക്കുന്നതിന് നിലവിലുള്ള സംവിധാനത്തിൽ സമഗ്രമായ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ ? | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിരുന്നു. 2010-11 -ലും 2011-12-ലും ആൺകുട്ടികളുടെ വിഭാഗത്തിലും പെൺകുട്ടികളുടെ വിഭാഗത്തിലും ഒന്നാം സ്ഥാനം നിലനിർത്തികൊണ്ട് ദേശീയ ഓവർഓൾ ചാമ്പ്യൻഷിപ്പ് കേരളം കൈവരിക്കുകയുണ്ടായി. ദേശീയ അത്‌ലറ്റിക് രംഗത്ത് കേരളത്തിന്റെ ആധിപത്യം നിലനിർത്തുന്നതിന് കൂടുതൽ ഇനങ്ങളിൽ ഒന്നാം സ്ഥാനം നേടുന്നതും, എല്ലാ ഇനങ്ങളിലും കൂടുതൽ മെച്ചപ്പെട്ട നിലവാരം കൈവരിക്കലും അത്യന്താപേക്ഷിതമാണ്. ഈ സാഹചര്യത്തിൽ കേരളീയ കായിക താരങ്ങൾക്ക് അത്യന്താധുനികമായ അടിസ്ഥാന സൗകര്യങ്ങളും, അന്തർദേശീയ നിലവാരത്തിലുള്ള ഉപകരണങ്ങളും വിദേശ കോച്ചിന്റെ സേവനവും വിദേശത്ത് പരിശീലനത്തിനും മത്സരത്തിനും അവസരവും ഉൾപ്പെടെ മികച്ച ശാസ്ത്രീയമായ പരിശീലനവും ഉറപ്പാക്കുന്നതിന് സ്പോർട്സ് കൗൺസിൽ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ